(സി)&(ഡി) നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്.

51 (364) വ്യാജ സ്പിരിറ്റ് കടത്ത്

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര മാത്രം വ്യാജസ്പിരിറ്റ് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) തമിഴ്നാട്ടിൽ നിന്ന് ദേശീയപാതവഴി കടത്തിയ വ്യാജസ്പിരിറ്റ് ഈ വർഷത്തിൽ എത്ര കണ്ടു പിടിച്ചിട്ടുണ്ട്;

(സി) വ്യാജസ്പിരിറ്റ് പിടിക്കുന്ന കേസുകളിൽ അതുകൊണ്ടുവരുന്ന വാഹനം പിടിച്ചെടുക്കാറുണ്ടോ;

(ഡി) എങ്കിൽ 1999 ജനുവരി 3 മുതൽ 2000 ജനുവരി 10 വരെ ഇത്തരത്തിൽപ്പെട്ട എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്;

(ഇ) പാറശ്ശാല ചെക്ക്പോസ്റ്റ് കടന്നുവന്നിട്ടുള്ള എത്രമാത്രം സ്പിരിറ്റ് തിരുവനന്തപുരം ജില്ലയുടെ മറ്റു ഭാഗങ്ങളിൽ വച്ച് ഈ വർഷം പിടിടിച്ചെടുത്തിട്ടുണ്ട്?

ഉത്തരം

(എ)(ബി),(സി)(ഡി)&(ഇ) വിവരം ശേഖരിച്ചു വരുന്നു.

52 (365) സുൽത്താൻബത്തേരിയിലെ വ്യാജ ചാരായവാറ്റ്

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ നൂൽപുഴ മുക്കുത്തികുന്ന്, ഈസ്റ്റ് ചിന്നാർ, ചീരാൻ കരിങ്കാളിക്കുന്ന്, നമ്പ്യാർ കുന്ന് എന്നിവിടങ്ങളിലേയും, മുള്ളൻ കൊല്ലി പഞ്ചായത്തിലെ കബനിഗിരിയിലെയും വ്യാപകമായ വ്യാജവാറ്റും വിൽപ്പനയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിലെ വ്യാജചാരായ വാറ്റും വിൽപ്പനയും തടയുന്നതിന് എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(സി) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിൽ വ്യാജവാറ്റും വിൽപ്പനയും സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെയും പ്രത്യേകിച്ച് നൂൽപുഴ, മുക്കുത്തിക്കുന്ന്, ഈസ്റ്റ് ചിന്നാർ, ചീരാൻകരിങ്കാളിക്കുന്ന്, നമ്പ്യാർകുന്ന്, കബനിഗിരി എന്നീ പ്രദേശങ്ങളിലെയും വ്യാജചാരായവാറ്റും വിൽപ്പനയും നിർമ്മാർജനം ചെയ്യുന്നതിന് കർശന നടപടികളെടുക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിരന്തരമായി റെയിഡുകൾ നടത്തിയും വാഹനപരിശോധനകൾ നടത്തിയും വ്യജചാരായവാറ്റും വിൽപ്പനയും തടയുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് 54 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) വ്യാജചാരായവാറ്റും വിൽപ്പനയും തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

53 (368) സോഷ്യൽ ഫോറസ്ട്രി പ്രോജക്ട്

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ അയർകുന്നം പഞ്ചായത്തിൽ പുന്നത്തറയിൽ സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റും പഞ്ചായത്തും ചേർന്ന് ഒരു പ്രോജക്ട് ഏറ്റെടുത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനുവേണ്ടി എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ഡി) ഇതിനു ഈ വർഷവും അടുത്ത സാമ്പത്തിക വർഷവും എത്ര രൂപ വീതം നൽകുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

54 (371) ആനകളുടെ സംരക്ഷണം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനകളുടെ സംരക്ഷണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കാട്ടിലുള്ള ആനകളുടെ എണ്ണം എത്ര; ഈ കണക്ക് എന്നാണ് എടുത്തിട്ടുള്ളത്;

(സി) കാട്ടാനകളുടെ എണ്ണം എത്ര;

(ഡി) നാട്ടാനകൾക്ക് ഉണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) തൃശൂർ ജില്ലയിൽ ആനകുട്ടികൾ രോഗംമൂലം ചെരിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(എഫ്) തൃശ്ശൂർ കൂടൽകുളങ്ങരക്ഷേത്രത്തിലെ ആനക്കുട്ടി ജനുവരി 30 -ന് ചെരിഞ്ഞത് എന്തു രോഗം മൂലമാണ്; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly